# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി 70 ലക്ഷത്തിനും 2 കോടി രൂപയ്ക്കും ഉള്ളിൽ അടങ്കൽ തുക വരുന്ന പൊതുമരാമത്തു പ്രവൃത്തികളുടെ മുൻയോഗ്യത നിർണ്ണയ ദർഘാസിന്റെ പരിശോധനയും അംഗീകാരവും സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായുള്ള സബ്കമ്മിറ്റിയ്ക്ക് ചുമതല നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡിഎ) വകുപ്പ്

സ.ഉ(എം.എസ്)നം.26/2012/തസ്വഭവ തിരുവനന്തപുരം, തീയതി, 06.02.2012.

---

പരാമർശം:-1. സർക്കാർ ഉത്തരവ് (എം.എസ്)നം.249/07/തസ്വഭവ തീയതി 01-11-2007.

2. തദ്ദേശസ്വയംഭരണ ചീഫ് എഞ്ചിനീയറുടെ 19-01-2012-ലെ ഡിബി1/753/സിഇ/10/തസ്വഭവ നമ്പർ കത്ത്

3. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 01-02-2012-ലെ 2.16-ാം നമ്പർ തിരുമാനം.

## ഉത്തരവ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്ന പൊതുമരാമത്ത് പ്രവൃത്തികളുടെ സാങ്കേതിക പരിശോധന സാങ്കേതികാനുമതി എന്നിവ സംബന്ധിച്ച് പരാമർശം 1-ലെ ഉത്തരവുപ്രകാരം വിശദമായ മാർഗ്ഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട്.

2. പരാമർശം 2-ലെ കത്തുപ്രകാരം 70 ലക്ഷത്തിനും 2 കോടി രൂപയ്ക്കും ഉള്ളിൽ അടങ്കൽ തുക വരുന്ന പ്രവൃത്തിയുടെ മുൻ യോഗ്യതാ നിർണ്ണയ ദർഘാസ് പരിശോധിച്ച് അംഗീകാരം നൽകുവാനുള്ള ചുമതല കൂടി സൂപ്രണ്ടിംഗ് എഞ്ചിനീയർ കൺവീനറായുള്ള സബ്ഗ്രൂപ്പിന് നൽകി ഉത്തരവുണ്ടാകണമെന്ന തദ്ദേശസ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കത്തിന്റെയും പരാമർശം 3-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ 70 ലക്ഷത്തിനും 2 കോടി രൂപയ്ക്കും ഉള്ളിൽ അടങ്കൽ നൽകാവുന്ന മരാമത്തു പ്രവൃത്തികളുടെ മുൻയോഗ്യതാ നിർണ്ണയ ദർഘാസ് പരിശോധിച്ച് അംഗീകാരം നൽകുന്നതിന് അതാത് സൂപ്രണ്ടിംഗ് എഞ്ചിനീയർമാർ കൺവീനറായുള്ള സബ്ഗ്രൂപ്പിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻപ്രകാരം,
വി.ശോഭ
അഡീഷണൽ സെക്രട്ടറി

1. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണവകുപ്പ് ,തിരുവനന്തപുരം.
2. സംസ്ഥാനതല ടെക്നിക്കൽ കമ്മിറ്റിയിലെ എല്ലാ അംഗങ്ങൾക്കും
3. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ ബ്ളോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, സെക്രട്ടറിമാർക്കും
6. എല്ലാ കോർപ്പറേഷൻ മേയർമാർക്കും, സെക്രട്ടറിമാർക്കും
7. എല്ലാ മുൻസിപ്പൽ ചെയർപേഴ്സൺമാർക്കും , സെക്രട്ടറിമാർക്കും
8. എല്ലാ ജില്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
9. എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെയും ചെയർമാൻമാർക്കും

10. എല്ലാ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പുകളുടെയും കൺവീനർമാർക്കും
11. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
12. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
13. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
14. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ, തിരുവനന്തപുരം
15. ഡയറക്ടർ, ലോക്കൽഫണ്ട് ആഡിറ്റ്
16. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
17. എല്ലാ ജില്ലാ കളക്ടർ (ജില്ലാ ആസൂത്രണ സമിതി സെക്രട്ടറി)മാർക്കും
18. സംസ്ഥാന പെർഫോർമൻസ് ആഡിറ്റ് ആഫീസർ, തിരുവനന്തപുരം
19. എല്ലാ ജില്ലാ പ്ലാനിംഗ് ആഫീസർമാർക്കും
20. മെമ്പർ സെക്രട്ടറി, സംസ്ഥാന പ്ലാനിംഗ് ബോർഡ്, തിരുവനന്തപുരം
21. എല്ലാ അസിസ്റ്റന്റ് ഡവലപ്മെന്റ് കമ്മീഷണർ(ജനറൽ)മാർക്കും
22. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്ക്
23. മേഖലാ ജോയിന്റ് ഡയറക്ടർമാർ (നഗരകാര്യം)
24. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതി അംഗങ്ങൾക്ക്
25. ജനറൽ സെക്രട്ടറി, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
26. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
27. സെക്രട്ടറി മുൻസിപ്പൽ ചെയർമാൻമാരുടെ ചേംബർ
28. സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, തിരുവനന്തപുരം-ബന്ധപ്പെട്ട എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളെയും അറിയിക്കേണ്ടതാണ്.
29. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ , ഐ.കെ.എം. (തദ്ദേശ സ്വയംഭരണവകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
30. ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ
31. എസ്ഐആർഡി കൊട്ടാരക്കര
32. സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

പകർപ്പ്:

തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ ഓഫിസ്

തദ്ദേശ സ്വയംഭരണവകുപ്പ് സെക്രട്ടറിയുടെ ഓഫീസ്

ഉത്തരവിൻപ്രകാരം,

സെക്ഷൻ ഓഫീസർ